പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5973 8/7/2013- ൽ മറുപടിക്ക്

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ശമ്പള പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പിൽ സർക്കാർ 13/3/2013-ൽ ഇറക്കിയ ഉത്തരവ് റദ്ദു ചെയ്യുവാൻ ഉദ്ദേശി ക്കുന്നുണ്ടോ; ഈ ഉത്തരവുമൂലം കർഷകർക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം; | (എ) ഇല്ല. പഞ്ചായത്ത് തലത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടും. മൃഗസംരക്ഷണ മേഖലയിലെ പദ്ധതി നിർവ്വഹണം, കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്നിവയുടെ കാര്യ ക്ഷമത വർദ്ധിക്കും |
| (ബി) മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള ഐ.സി.ഡി.പി. സമ്പ്രദായം വെറ്ററിനറി ഹോസ്പിറ്റലുകളിലേക്ക് മാറ്റുന്നതു കൊണ്ടുള്ള നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രധാന ന്യൂനത വ്യക്തമാക്കുമോ; | (ബി) നിലവിൽ ഐ.സി.ഡി.പി, ഉപകേന്ദ്രങ്ങളും , മൃഗാശുപത്രികളും രണ്ട് സംവിധാനങ്ങളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇതുകൊണ്ടു തന്നെ പ്രവർത്തനങ്ങളുടെ ഏകോപനം ഫലപ്രദമായി ചെയ്യുന്നതിനു സാധിക്കുന്നില്ല. ഈ ഉത്തരവു വഴി ഒരു പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഏകോപനം പൂർണ്ണമായും സാദ്ധ്യമാകും. ഇതുവഴി കാര്യക്ഷമതയും, സേവന ലഭ്യതയും, സുഗമമായ പദ്ധതി നടത്തിപ്പും, കർഷകർക്ക് യഥാസമയം മെച്ചപ്പെട്ട സേവനവും, ആനുകൂല്യങ്ങളും ലഭിക്കുന്ന സാഹചര്യവും ഉണ്ടാകും. ഇതിന് യാതൊരു പ്രവർത്തന ന്യൂനതയും ഉണ്ടെന്ന് കരുതുന്നില്ല. |
| (സി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ മാരുടെ ശമ്പള പരിഷ്കരണ ത്തിലെ അപാകത പരിഹരിക്കുന്ന തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന ആവശ്യം പരിശോധിക്കുകയും നിലവിലെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായിട്ടുള്ള മറ്റ് തസ്തികകൾക്ക് അനുവദിച്ച ശമ്പള സ്കെയിൽ ലൈവ് സ്റ്റോക്ക് |

ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയും അനുവദിച്ചിട്ടുള്ളതിനാൽ 7480-11,910/-രൂപ എന്ന സ്കെയിലിന്റെ ആനുപാതികമായ ശമ്പള വർദ്ധനവ് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കുകയുണ്ടായില്ല. ഫീൽഡ് ഓഫീസർ തസ്തികയിൽ ഹയർ ഗ്രേഡ് തസ്തികയുടെ ശമ്പള സ്കെയിൽ ഉയർത്തണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്നും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II, ഗ്രേഡ് I, സീനിയർ ഗ്രേഡ് എന്നിവ തമ്മിലുള്ള അനുപാതത്തിൽ വ്യതിയാനം വരുത്തുവാൻ 2009 ശമ്പള കമ്മീഷൻ ശുപാർശ ചെയ്യിട്ടില്ലാത്തതിനാൽ നിലവിലെ 5:3:2 അനുപാതത്തിൽ മാറ്റം വരുത്തുവാൻ സാധ്യമല്ല. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ പ്രൊമോഷൻ തസ്തികകൾക്ക് അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികകളുടേതിന് സമാനമായ ശമ്പള സ്കെയിലുകൾ അനുവദിക്കുക, റിസ്ക് അലവൻസ് അനുവദിക്കുക എന്നീ ആവശ്യങ്ങൾ 2009 ശമ്പള പരിഷ്കരണം നടപ്പാക്കി മൂന്ന് വർഷം പിന്നിട്ട സാഹചര്യത്തിൽ ,അടുത്ത ശമ്പള പരിഷ്കരണ കമ്മിഷൻ മുമ്പാകെ പരിഗണിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

NS